എറണാകുളം : ജില്ല വൈപ്പിൻ, ചെല്ലാനം ദ്വീപുകൾ.

തൃശ്ശൂർ ജില്ല : ജില്ലയിലെ തീരപ്രദേശങ്ങളിലെ കടൽഭിത്തികൾക്ക് കേടുപാട് സംഭവിച്ചിട്ടുണ്ട്. പെരിയാറിലേക്ക് ജലം ഇരച്ചുകയറി തീരത്തെ വീടുകൾക്ക് നാശനഷ്ടമുണ്ടാവുകയും ജലസ്രോതസ്സുകൾ മലിനമാകുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ല : വടകര മുനിസിപ്പാലിറ്റിയിലെ കോട്ടത്തുരുത്തി, കുരിയാടി, പുറങ്കര, കൊയിലാണ്ടിയിലെ ഇരിഞ്ഞാർ, കാപ്പാട് മാന്ദാമംഗലം, മൂടാടി, കൊല്ലം, അയണിക്കാട്, കോഴിക്കോട് താലൂക്കിൽ ചാലിയിൽ, ചക്കുംകടവ്, കോതി, പുതിയാപ്പ, ചെട്ടിക്കുളം, എലത്തൂർ, നാട്ടുവയൽ, കോഴിക്കോട് ബീച്ച്, ബംഗ്ലാദേശ് കോളനി, പുതിയങ്ങാടി.

കണ്ണൂർ ജില്ല : മുഴപ്പിലങ്ങാട്.

(ബി) തിരുവനന്തപുരം ജില്ലയിലെ അതിരൂക്ഷമായി കടലാക്രമണമുണ്ടായ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. അഞ്ചുതെങ്ങ് മുതൽ ആലിയിറക്കം വരെ പുലിമുട്ട് സ്ഥാപിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ സുനാമി തിരകൾ നാശം വിതച്ച ആലപ്പാടും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിലും കടൽഭിത്തി നിലവിലുണ്ടായിരുന്നില്ല. എറണാകുളത്തെ ഞാറക്കൽ കുഴിപ്പിള്ളി, ചെല്ലാനം ദ്വീപ് എന്നിവിടങ്ങളിൽ കടൽഭിത്തിയും പുലിമുട്ടും ഉണ്ടായിരുന്നു.

(സി) ഉണ്ട്.

കല്ലട ഇറിഗേഷൻ പ്രോജക്ട്, പമ്പാ ഇറിഗേഷൻ പ്രോജക്ട് കനാലുകൾ

50 [2519] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ഇറിഗേഷൻ പ്രോജക്ട്, പമ്പാ ഇറിഗേഷൻ പ്രോജക്ട് എന്നിവയുടെ കനാലുകളിൽ കടുത്ത വരൾച്ച ആരംഭിച്ച സ്ഥിതിക്ക് ആവശ്യാനുസരണം വെള്ളം തുറന്ന് വിടുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഓണാട്ടുകര പ്രദേശങ്ങളിലെ കൃഷിക്ക് ആവശ്യാനുസരണം വെള്ളം ഈ കനാലുകളിലൂടെ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കനാലുകളുടെ എല്ലാ കൈവഴികളിലും പലപ്പോഴും വെള്ളം ലഭിക്കാത്തത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കല്ലട ജലസേചന പദ്ധതിയുടെ കീഴിൽ പണി തീർന്ന എല്ലാ കനാലുകളിൽ കൂടിയും, ആവശ്യാനുസരണം ജലവിതരണം നടത്തുന്നുണ്ട്. പമ്പാ ജലസേചന പദ്ധതിയുടെ കനാലുകളിൽ കൂടി, മൂഴിയാർ ജലവൈദ്യുത പദ്ധതിയിൽ നിന്നും മണിയാർ ബാരേജിലേക്ക് വൈദ്യുതി വകുപ്പ് വിട്ടുതരുന്ന ജലലഭ്യതയ്ക്ക് അനുസരിച്ച് ജലവിതരണം നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 2005 ഫെബ്രുവരി മാസത്തിലെ ചില ദിവസങ്ങളിൽ മൂഴിയാർ പവർ ഹൗസിന്റെ പ്രവർത്തനം നിർത്തിവച്ചതിനാൽ, മണിയാർ ബാരേജിൽ ജലവിതരണത്തിന് ആവശ്യമായ ജലം ലഭിക്കാതിരുന്ന സാഹചര്യത്തിൽ കനാലുകളിൽക്കൂടി ജലവിതരണം നടത്തുവാൻ സാധിച്ചിരുന്നില്ല.

മണിയാർ ബാരേജിൽ വൈദ്യുതി ബോർഡ് വിട്ടുതരുന്ന ജലലഭ്യതയ്ക്കനുസരിച്ച് ജലവിതരണം നടത്തിവരുന്നു.

(ഡി) കല്ലട ജലസേചന പദ്ധതിയുടെ പണി തീർന്ന എല്ലാ കനാലുകളിലും അവയുടെ കൈവഴികളിലും ജലവിതരണം ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ചില കൈവഴികൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കിക്കൊണ്ടിരിക്കുകയാണ്.

ഭൂഗർഭ ജല നിരപ്പ്

51 [2520] ശ്രീ. കെ. ബാബു :
,, കെ. മോഹൻകുമാർ :
,, വർക്കല കഹാർ :
,, ഇ. എം. അഗസ്തി :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനലിന്റെ ആരംഭത്തിൽ തന്നെ കുടിവെള്ളം ലഭിക്കാതെയും ഭൂമിയുടെ നനവ് മാറിയും വരുന്ന സാഹചര്യത്തെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) മഴമാറിയ ഉടനെ സംസ്ഥാനത്ത് വരൾച്ചയുടെ പ്രതീതി ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) വയലുകൾ നികത്തുന്നതുമൂലം വെള്ളം കെട്ടിക്കിടന്ന് അതു ഭൂമിയിലേക്ക് ആഴ്ന്നിറങ്ങാനുള്ള സൗകര്യം ഒഴിവാകുന്നുണ്ടോ;